**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1570** **07-02-2023 - ൽ മറുപടിയ്ക്ക്**

**എന്റെ ഭൂമി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ ഐ ബി സതീഷ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഒരു ഏകജാലക ഓൺലൈൻ സംവിധാനമെന്ന നിലക്ക് എന്റെ ഭൂമി എന്ന ഓൺലൈൻ പോർട്ടൽ എങ്ങനെയാണ് പ്രവർത്തിക്കുക എന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് സർവ്വെ, റവന്യൂ രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ സേവനങ്ങൾ സംയോജിപ്പിച്ച് ഒരു ഏകജാലക ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിന് സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളുടെയും ഡിജിറ്റൽ സർവെ മാപ്പുകൾ തയ്യാറാക്കേണ്ടതുണ്ട്. ഇതിലേക്കായാണ് സംസ്ഥാനത്തെ ആകെയുള്ള 1666 വില്ലേജുകളിൽ ഇതിനോടകം ഡിജിറ്റലായി സർവ്വെ പൂർത്തിയാക്കിയിട്ടുള്ള വില്ലേജുകൾ ഒഴികെ ബാക്കി വരുന്ന 1550 വില്ലേജുകൾ നാലു വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനുള്ള ബൃഹത് പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. ടി പദ്ധതി പ്രകാരമുള്ള എല്ലാ നടപടികളും സോഫ്റ്റ് വെയർ അധിഷ്ഠിതമായി ചെയ്യുന്നതിനുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്. ഇതിലേക്കായി NIC മുഖേന എന്റെ ഭൂമി എന്ന ഓൺലൈൻ പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ ഡിജിറ്റൽ സർവ്വെ ആരംഭിച്ചിട്ടുള്ള 200 വില്ലേജുകളിലെ റവന്യൂ രേഖകൾ പ്രകാരമുള്ള ഭൂവുടമസ്ഥരുടെ വിവരങ്ങൾ അറിയാൻ സാധിക്കുന്നതും, ഉടമസ്ഥാവകാശമുള്ള ഭൂമിയുടെ വിവരങ്ങൾ റവന്യൂ രേഖകളിൽ ഉൾപ്പെട്ടു വരാതിരിക്കുകയോ അല്ലെങ്കിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നതായോ ശ്രദ്ധയിൽ പെടുന്ന പക്ഷം അവകാശ രേഖകളുടെ പകർപ്പുകൾ സഹിതം പ്രസ്തുത വിവരം അറിയിക്കുന്നതിനുള്ള സംവിധാനവും, ടി പോർട്ടലിൽ നൽകിയിട്ടുണ്ട്. കൂടാതെ ഡിജിറ്റൽ സർവ്വെ നടപടികൾ ഏറ്റവും സുതാര്യമായ രീതിയിൽ നടത്തുക എന്ന ലക്ഷ്യത്തോടെ സർവ്വെ സംബന്ധിച്ച എല്ലാ വിവരങ്ങളും ഈ പോർട്ടലിൽ ലഭ്യമാകുന്നതാണ്. അപ്രകാരം ഡിജിറ്റൽ സർവ്വെ പൂർത്തിയാകുന്ന |

| | | | |
|---|---|---|---|
| | | | മുറയ്ക്ക് സർവ്വെ, റവന്യൂ രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ സേവനങ്ങൾ സംയോജിപ്പിച്ച് ഒരു ഏകജാലക ഓൺലൈൻ സംവിധാനത്തിൽ കൊണ്ടു വരുന്നതിന് സാധിക്കുന്നതാണ്. |
| (ബി) | എന്റെ ഭൂമി എന്ന ഡിജിറ്റൽ റീസർവെ പദ്ധതികൊണ്ട് സർക്കാർ എന്തൊക്കെയാണ് ലക്ഷ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തെ ഭൂസംബന്ധമായ സേവനങ്ങൾ ആധുനിക വിവര വിനിമയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും സുഗമവുമായ രീതിയിൽ കാലഘട്ടത്തിനനുസൃതമായി ഓൺ ലൈൻ മുഖേന ജനങ്ങൾക്ക് ലഭ്യമാക്കുക, റവന്യൂ ഭരണം കൂടുതൽ സുഗമമാക്കുക, ഇനിയൊരു റീസർവ്വെ ആവശ്യമില്ലാത്ത വിധം മാപ്പുകൾ നാളതീകരിച്ച് പരിപാലിക്കുക, സർവ്വെ, റവന്യൂ രജിസ്ട്രേഷൻ വകുപ്പുകളിലെ ഭൂസംബന്ധമായ സേവനങ്ങൾ ഏകീകൃത സംവിധാനത്തിലൂടെ നൽകുക, സംസ്ഥാനത്തിന്റെ റീസർവ്വെ സമയബന്ധിതമായി തന്നെ പൂർത്തിയാക്കുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് ഏറ്റവും ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തികൊണ്ട് "എന്റെ ഭൂമി"എന്ന പേരിൽ സംസ്ഥാനത്തെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ 4 വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനായി സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ ആവിഷ്കരിച്ചിട്ടുള്ളത്. |
| (സി) | കഴിഞ്ഞ ആറര വർഷംകൊണ്ട് സംസ്ഥാനത്ത് വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം ലഭ്യമാണോ; എങ്കിൽ നൽകുമോ; | (സി) | കഴിഞ്ഞ സർക്കാരിന്റെ 5 വർഷ കാലയളവിനുള്ളിൽ ലഭ്യമാക്കിയ 1,77,011 പട്ടയങ്ങളും ഈ സർക്കാരിന്റെ ആദ്യ ഒരു വർഷ കാലയളവിനുള്ളിൽ ലഭ്യമാക്കിയ 54,535 പട്ടയങ്ങളും ഉൾപ്പെടെ 2,31,546 പട്ടയങ്ങൾ. |
| (ഡി) | റീസർവേ പ്രവൃത്തികൾക്ക് ആവശ്യമായ ജീവനക്കാരെ ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (ഡി) | റീസർവ്വെ കൂടാതെ ലാൻഡ് അക്വിസേഷൻ, ലാൻഡ് അസൈൻമെന്റ്, സംസ്ഥാനത്തെ വിവിധ വികസന പദ്ധതികളുടെ ഭാഗമായുള്ള സർവ്വെ തുടങ്ങിയ ജോലികൾക്കാണ് സർവ്വെ ജീവനക്കാരെ നിയോഗിച്ചിട്ടുള്ളത്. സംസ്ഥാനത്ത് ആവിഷ്കരിച്ചിട്ടുള്ള ഡിജിറ്റൽ സർവ്വെ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർവ്വെയും ഭൂരേഖയും വകുപ്പിലെ ജീവനക്കാരെ കൂടാതെ 1500 സർവ്വെയർമാരും, 3200 ഹെൽപ്പർമാരും കൂടി ആവശ്യമാണ്. ടി ജീവനക്കാരെ കരാറടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (ഇ) | സർവ്വേ സഭകൾകൊണ്ട് ലക്ഷ്യമാക്കുന്നതെന്താണെന്നും ഏതൊക്കെ വില്ലേജുകളിലാണ് ആദ്യത്തെ മൂന്ന് വർഷങ്ങളിൽ | (ഇ) | പൂർണ്ണ ജനപങ്കാളിത്തത്തോടെയാണ് ഡിജിറ്റൽ സർവ്വെ നടത്തുന്നത്. പദ്ധതി സംബന്ധിച്ച വിവരം ജനങ്ങളെ ബോധവൽക്കരിക്കുക, പദ്ധതിയുടെ |

| | | | |
|---|---|---|---|
| | സർവ്വെ നടത്താൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | | പ്രാധാന്യത്തെ കുറിച്ച് വിശദീകരിക്കുക, പദ്ധതിയെ സംബന്ധിച്ച് പൊതു ജനങ്ങൾക്ക് എന്തെങ്കിലും സംശയങ്ങളുണ്ടെങ്കിൽ അവ ദൂരീകരിക്കുക എന്നിവയാണ് സർവ്വേ സഭകൾ കൊണ്ട് ലക്ഷ്യമിടുന്നത്. നിലവിൽ ആദ്യഘട്ട സർവ്വെയ്ക്കായി തെരഞ്ഞെടുത്ത 200 വില്ലേജുകളിലെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. ടി വില്ലേജുകളിലെ എല്ലാ വാർഡുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമ സഭകളായി സർവ്വെ സഭകൾ സംഘടിപ്പിച്ച് ഡിജിറ്റൽ സർവ്വെ പദ്ധതിയെ സംബന്ധിച്ച അവബോധം ഭൂവുടമസ്ഥർക്ക് നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ

| **Digital Survey- List of 200 Villages (First Phase)-Final** | | |
|---|---|---|
| **THIRUVANTHAPURAM** | | |
| **SL NO** | **TALUK** | **VILLAGE** |
| 1 | Chirayinkeezhu | Mudakkal |
| 2 | Chirayinkeezhu | Keezhattingal |
| 3 | Chirayinkeezhu | Edaikode |
| 4 | Varkala | Ottur |
| 5 | Varkala | Cherunniyoor |
| 6 | Kattakada | Malayinkeezhu |
| 7 | Kattakada | Vilappil |
| 8 | Nedumangad | Karakulam |
| 9 | Nedumangad | Tholikkode |
| 10 | Nedumangad | Vembayam |
| 11 | Nedumangad | Thekkada |
| 12 | Nedumangad | Manickal |
| 13 | Neyyattinkara | Kanjiramkulam |
| 14 | Neyyattinkara | Parasuvaikkal |

| | | |
|---|---|---|
| 15 | Neyyattinkara | Neyyattinkara |
| 16 | Thiruvananthapuram | Venganoor |
| 17 | Thiruvananthapuram | Veiloor |
| 18 | Thiruvananthapuram | Melthonnakkal |
| 19 | Thiruvananthapuram | Pallippuram |
| 20 | Thiruvananthapuram | Andoorkonam |
| 21 | Thiruvananthapuram | Kalliyoor |
| 22 | Thiruvananthapuram | Keezhthonnakkal |
| **KOLLAM** | | |
| 23 | Punalur | Idamon |
| 24 | Punalur | Punalur |
| 25 | Punalur | Valakkodu |
| 26 | Karunagappally | Kallelibhagom |
| 27 | Karunagappally | Kulasekharapuram |
| 28 | Karunagappally | Thodiyur |
| 29 | Kollam | Kottankara |
| 30 | Kollam | Kilikollur |

| | | |
|---|---|---|
| 31 | Kollam | Mangad |
| 32 | Pathanapuram | Vilakkudy |
| 33 | Pathanapuram | Thalavur |
| 34 | Pathanapuram | Pathanapuram |
| **PATHNAMTHITTA** | | |
| 35 | Ranny | Athikayam |
| 36 | Ranny | Chethakkal |
| 37 | Ranny | Pazhavangadi |
| 38 | Konni | Vllikkodu |
| 39 | Konni | Mylapra |
| 40 | Konni | Pramadam |
| 41 | Konni | Konnithazham |
| 42 | Konni | Thannithodu |
| 43 | Kozhenchery | Omalloor |
| 44 | Kozhenchery | Kozhenchery |
| 45 | Kozhenchery | Chenneerkara |
| 46 | Kozhenchery | Elanthoor |

| | | |
|---|---|---|
| **KOTTAYAM** | | |
| 47 | Vaikom | Chempu |
| 48 | Vaikom | Kallara |
| 49 | Vaikom | Velloor |
| 50 | Vaikom | Udayanapuram |
| 51 | Vaikom | Naduvila |
| 52 | Vaikom | Kulasekharamangalam |
| 53 | Vaikom | Vechoor |
| 54 | Vaikom | Vaikom |
| 55 | Vaikom | Thalayazham |
| **ALAPPUZHA** | | |
| 56 | Cherthala | Kuthiyathodu |
| 57 | Kuttanad | Pulimkunnu |
| 58 | Kuttanad | Veliyanad |
| 59 | Cherthala | Cherthala north |
| 60 | Cherthala | Aroor |
| 61 | Cherthala | Ezhupunna |

| | | |
|---|---|---|
| 62 | Cherthala | Kadakkarapally |
| 63 | Cherthala | Pattanakkad |
| **IDUKKI** | | |
| 64 | Idukki | Idukki |
| 65 | Peerumedu | Peruvanthanam |
| 66 | Peerumedu | Manjumala |
| 67 | Peerumedu | Periyar |
| 68 | Udumpanchola | Bysonvalley |
| 69 | Udumpanchola | Santhanpara |
| 70 | Udumpanchola | Rajakkad |
| 71 | Udumpanchola | Chinnakkanal |
| 72 | Udumpanchola | Chathurangappara |
| 73 | Udumpanchola | Kalkoonthal |
| 74 | Udumpanchola | Irattayar |
| 75 | Udumpanchola | Karunapuram |
| 76 | Idukki | Vathikkudy |
| **ERNAKULAM** | | |

| | | |
|---|---|---|
| 77 | Kochi | Edakochi |
| 78 | Kochi | Mattanchery |
| 79 | Kochi | Palluruthy |
| 80 | Kochi | Thoppumpady |
| 81 | Kochi | Fortkochi |
| 82 | Kanayannur | Kanayannur |
| 83 | Kanayannur | Thiruvamkulam |
| 84 | Kanayannur | Poonithura |
| 85 | Kanayannur | Amballoor |
| 86 | Kothamangalam | Pallarimangalam |
| 87 | Muvattupuzha | Maneed |
| 88 | Muvattupuzha | Ramamangalam |
| 89 | Muvattupuzha | Valakom |
| **THIRSSUR** | | |
| 90 | Chavakkad | Valappad |
| 91 | Chavakkad | Nattika |
| 92 | Chavakkad | Thalikkulam |

| | | |
|---|---|---|
| 93 | Chavakkad | Engandiyur |
| 94 | Thrissur | Chiyyaram |
| 95 | Thrissur | Manakody |
| 96 | Thrissur | Alappad |
| 97 | Thrissur | Kurumpilavu |
| 98 | Thrissur | Inchamudi |
| 99 | Thrissur | Chazhoor |
| 100 | Thrissur | Koorkenchery |
| 101 | Thrissur | Kanimangalam |
| 102 | Thrissur | Kizhakkummuri |
| 103 | Thrissur | Vadakkummuri |
| 104 | Thrissur | Padiyam |
| 105 | Thrissur | Karamukku |
| 106 | Thrissur | Kizhupillikkara |
| 107 | Thrissur | Puthur |
| 108 | Thrissur | Pullu |
| 109 | Thalappilly | Kottapuram |

| | | |
|---|---|---|
| 110 | Thalappilly | Chittanda |
| 111 | Kunnamkulam | Veloor |
| 112 | Kunnamkulam | Thayyur |
| **PALAKKAD** | | |
| 113 | Mannarkkad | Alanellur I |
| 114 | Mannarkkad | Alanellur II |
| 115 | Mannarkkad | Kottoppadam II |
| 116 | Mannarkkad | Kottoppadam III |
| 117 | Mannarkkad | Thachanattukara 1 |
| 118 | Mannarkkad | Thachanattukara 2 |
| 119 | Pattambi | Pattambi |
| 120 | Pattambi | Thithala |
| 121 | Pattambi | Anakkara |
| 122 | Pattambi | Pattithara |
| 123 | Pattambi | Kappur |
| 124 | Pattambi | Thirumittacode 1 |
| 125 | Pattambi | Thirumittacode 2 |

| | | |
|---|---|---|
| 126 | Pattambi | Nagalassery |
| **MALAPPURAM** | | |
| 127 | Perinthalmanna | Kuruvambalam |
| 128 | Ponnani | Ponnani |
| 129 | Ponnani | Perumpadappu |
| 130 | Ponnani | Veliyancode |
| 131 | Ponnani | Nannamukku |
| 132 | Tirur | Kurumbathur |
| 133 | Tirur | Mangalam |
| 134 | Tirur | Naduvattom |
| 135 | Tirur | Thalakkad |
| 136 | Tirur | Vettam |
| 137 | Tirur | Perumanna |
| 138 | Tirur | Anandavoor |
| 139 | Tirur | Ponmundam |
| 140 | Tirur | Thirunavaya |
| 141 | Tirur | Marakkara |

| | | |
|---|---|---|
| 142 | Tirur | Cheriyamundam |
| 143 | Tirur | Athavanad |
| 144 | Eranad | Malappuram muncipality |
| **KOZHIKKODE** | | |
| 145 | Koyilandy | Thurayur |
| 146 | Koyilandy | Eravattoor |
| 147 | Koyilandy | Moodadi |
| 148 | Koyilandy | Ulliyeri |
| 149 | Koyilandy | Naduvannur |
| 150 | Thamarassery | Puthoor |
| 151 | Thamarassery | Raroth |
| 152 | Koyilandy | Thikkodi |
| 153 | Koyilandy | Cheruvannur |
| 154 | Koyilandy | Arikkulam |
| 155 | Kozhikkode | Kuruvattur (pt) |
| 156 | Vadakara | Thoonery |
| 157 | Vadakara | Nadapuram |

| | | |
|---|---|---|
| 158 | Vadakara | Chekkiyad |
| 159 | Vadakara | Valayam |
| 160 | Vadakara | Nadakkuthazhe |
| **WAYANAD** | | |
| 161 | Mananthavady | Peria |
| 162 | Mananthavady | Nallurnad |
| 163 | Mananthavady | Valad |
| 164 | Mananthavady | Mananthavady |
| 165 | Mananthavady | Thrissilery |
| 166 | Mananthavady | Kanjirakkad |
| 167 | Sulthanbathery | Thomattuchal |
| 168 | Sulthanbathery | Ambalavayal |
| **KANNUR** | | |
| 169 | Iritty | Vilamana |
| 170 | Iritty | Kanichar |
| 171 | Iritty | Aralam |
| 172 | Iritty | Chavassery |

| | | |
|---|---|---|
| 173 | Iritty | Karikkottakkari |
| 174 | Kannur | Kannur 1 |
| 175 | Kannur | Kannur 2 |
| 176 | Kannur | Pallikkunnu |
| 177 | Kannur | Elayavoor |
| 178 | Kannur | Puzhathy |
| 179 | Kannur | Valapattanam |
| 180 | Kannur | Azhikode south |
| 181 | Thalassery | Kottayam |
| 182 | Thalassery | Thalassery |
| **KASARGOD** | | |
| 183 | Manjeswaram | Kadambar |
| 184 | Manjeswaram | Kuloor |
| 185 | Manjeswaram | Majibayal |
| 186 | Manjeswaram | Mudambayal |
| 187 | Manjeswaram | Hosabettu |
| 188 | Manjeswaram | Bangaramanjeswaram |

| | | |
|---|---|---|
| 189 | Manjeswaram | Badaje |
| 190 | Manjeswaram | Shiria |
| 191 | Manjeswaram | Arikkady |
| 192 | Manjeswaram | Bombrana |
| 193 | Manjeswaram | Ujar-Ulvar |
| 194 | Kasaragod | Chenkala |
| 195 | Kasaragod | Muttathody |
| 196 | Kasaragod | Kasargod |
| 197 | Kasaragod | Adukkathbayal |
| 198 | Kasaragod | Kalanadu |
| 199 | Kasaragod | Chemmanad |
| 200 | Kasaragod | Thalankara |